LIBRARY ARCHIVES Kerala Legislative Assembly

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ പ്ലസ് വൺ അനുവദിക്കാൻ നടപടി

91 (3845) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ബഥനിബാലികാമഠം, നടുവട്ടം വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ, പല്ലനകുമാരനാശാൻ സ്മാരക സ്കൂൾ, കാർത്തികപ്പള്ളി സെന്റ് തോമസ് സ്കൂൾ, അനന്തപുരം കെ.കെ.വി.എം.എച്ച്.എസ്. മഹാദേവിക്കാട് എസ്.എൻ.ഡി.പി.എച്ച്.എസ്., കരുവാറ്റ എൻ.എസ്.എസ്. ഗേൾസ്, ചേപ്പാട് ക്രൈസ്റ്റ് കിംഗ് ഹൈസ്കൂൾ, തുടങ്ങിയ സ്കൂളുകളിൽ പ്ലസ് വൺ കോഴ്സുകൾ തുടങ്ങാൻ സർക്കാരിന് അപേക്ഷ സമർപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സ്കൂളുകളിൽ പ്ലസ് വൺ കോഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) തൃശ്ശൂർ ജില്ലയിലും മലബാർ മേഖലയിലെ ജില്ലകളിലും ഇടുക്കി ജില്ലയിലെ തമിഴ് ന്യൂനപക്ഷ മേഖലയിലുമൊഴികെ സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കാൻ നയപരമായ തീരുമാനമെടുത്തിട്ടില്ല. ആയതിനാൽ ഈ സ്കൂളുകളിൽ പ്ലസ് വൺ കോഴ്സ് അനുവദിക്കുന്ന കാര്യം തത്ക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

പ്ലസ് ടു ഇല്ലാത്ത പഞ്ചായത്തുകൾ

92 (3846) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലസ് ടു സ്കൂളുകൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ എന്നത്തേയ്ക്ക് പുതിയ പ്ലസ് ടു അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ ബാച്ചിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകളിൽ നിന്നും അപേക്ഷ ലഭിച്ചു എന്നും, എന്നത്തേയ്ക്ക് അനുവദിക്കാൻ കഴിയുമെന്നും അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ ?